നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 495

27.09.2016 -ൽ മറുപടിക്ക്

## ടൂറിസ്റ്റ് മേഖലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ് | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസ്റ്റ് മേഖലകളിൽ വൃത്തിയും വെടിപ്പും വെളിച്ചവും സംരക്ഷണവും ഒന്നും ഇല്ലാത്തതിനാൽ ടൂറിസ്റ്റുകൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവും, വൃത്തിയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു. |
| ബി) കോവളം, വർക്കല, ശംഖുമുഖം മുതലായ കേരളത്തിലെ ബീച്ചുകളിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് ഇരിയ്ക്കാൻ വൃത്തിയുള്ള ഇരിപ്പിടമോ, രാത്രിയിൽ വെളിച്ചം | ബി) യും സി) യും കോവളം ബീച്ച് മേഖലയിൽ തെരുവു വിളക്കുകളുടെ കാര്യത്തിൽ ചില കുറവുകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട |

നൽകാൻ ലൈറ്റുകളോ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഏജൻസിയുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സി) ഉണ്ടെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ അനുവദിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

ഡി) കഴിഞ്ഞ അഞ്ചു വർഷക്കാലം കേരളത്തിലെ ടൂറിസ്റ്റ് മേഖലകളിൽ എത്ര വിദേശീയർ എത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

ഡി) ഉണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2011 - 7,32,985

2012 - 7,93,696

2013 - 8,58,143

2014 - 9,23,366

2015 - 9,77,479

ഇ) വിവിധ മേഖലകളിൽ പുതിയ വിനോദസഞ്ചാര പദ്ധതികൾ, നല്ല നിലയിൽ ആരംഭിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഇ) പരിഗണിക്കുന്നതാണ്.

Anuradha

സെക്ഷൻ ഓഫീസർ.